2214
30/1/18

File No.FWLD-B1/113/2017-FWLD

**കേരള സർക്കാർ**

**സംഗ്രഹം**

കേരള വനം വകുപ്പിന്റെ അധീനതയിലുള്ള തടി ഡിപ്പോകളിലൂടെ ചന്ദനതടി ചില്ലറ വില്പന നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(കൈ) നം./2/2018/വനം തീയതി,തിരുവനന്തപുരം, 25/01/2018

പരാമർശം:- പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്)ന്റെ 01.06.2017, 07.08.2017 എന്നീ തീയതികളിലെ പ്രൊ(5)27294/17 നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാനത്തെ ചന്ദനതടിയുടെ വില്പന പൂർണ്ണമായും വനം വകുപ്പിന്റെ മറയൂർ ചന്ദന ഡിപ്പോയിലൂടെ വർഷത്തിൽ 2-3 തവണമാത്രമാണ് ഇ-ലേലം വഴി നടത്തുന്നത്. ലേലത്തിലൂടെ ആവശ്യമായ ചെറിയ അളവിൽ ചന്ദനം ലഭ്യമല്ലാത്തതിനാൽ ക്ഷേത്രങ്ങൾക്കും പൊതു ജനങ്ങൾക്കും നിയമപരമായി ചന്ദനം ലഭിക്കാൻ വലിയ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടെന്നും ചുരുങ്ങിയ ദിവസങ്ങളിൽ മാത്രം ലേലം നടക്കുന്നതും ലേലത്തിൽ വയ്ക്കുന്ന ലോട്ടുകളുടെ വലിപ്പവും ലേലത്തിനു മുൻപ് ലോട്ടുകൾ പരിശോധിക്കാനും ലേലം കൊണ്ടശേഷം തടി നീക്കം ചെയ്യാൻ ഡിപ്പോവരെ പോകേണ്ടതും അസൗകര്യം വർദ്ധിപ്പിക്കുന്ന സർക്കാരിന്റെ തടി ഡിപ്പോകളിലൂടെ ചന്ദനം ചില്ലറ വില്പന നടത്തിയാൽ ചന്ദന തടികൾ അധികമായി വിറ്റഴിക്കുവാൻ സാധിക്കുകയും സർക്കാരിലേക്ക് അധിക വരുമാനം ലഭിക്കുകയും പൊതുജനങ്ങൾക്ക് കൂടുതൽ പ്രയോജന പ്രദമാകുകയും ചെയ്യും.. ആയതിനാൽ 2012-ലെ the Kerala Forest (Restriction on cutting and selling of Sandal trees and grant of license for possession and transport of Sandal wood and Sandal wood oil) Rules ന്റെ 17-ാം ചട്ടം (i) -ാം ഉപചട്ടപ്രകാരം ചന്ദന ചില്ലറ വില്പനയ്ക്കായി (1) കുളത്തൂപ്പുഴ (2) കോന്നി (3) വിട്ടൂർ (4) ചാലിയം (5) കണ്ണോത്ത് (6) പരപ്പ് എന്നീ തടി ഡിപ്പോകളെ

ചന്ദനത്തിന്റെ ചില്ലറ വില്പനയ്ക്കുള്ള അംഗീകൃത ഏജൻസിയായി അംഗീകരിച്ചുകൊണ്ടും കേരള വന നിയമം 47(എ) പ്രകാരം authorized officer ആയി അതാത് ജില്ലകളിലെ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററെ നിയോഗിച്ചുകൊണ്ടും അനുമതി നൽകണമെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) പരാമർശ കത്ത് പ്രകാരം ശുപാർശ സമർപ്പിച്ചിരുന്നു.

2) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്)ന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.സർക്കാർ തടി ഡിപ്പോയിലൂടെ ചന്ദന തടി ചില്ലറ വിൽപ്പന നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഓരോ വിൽപ്പനയ്ക്കു മുമ്പും പത്രപരസ്യം നൽകി സുതാര്യമായ രീതിയിലൂടെ മാത്രം വിൽപ്പന നടത്തേണ്ടതാണ്.

3) 2012-ലെ the Kerala Forest (Restriction on cutting and selling of Sandal trees and grant of license for possession and transport of Sandal wood and Sandal wood oil) Rules ന്റെ 17-ാം ചട്ടം (i) -ാം ഉപചട്ടപ്രകാരം ചന്ദന ചില്ലറ വില്പനയ്ക്കായി (1) കുളത്തൂപ്പുഴ (2) കോന്നി (3) വിട്ടൂർ (4) ചാലിയം (5) കണ്ണോത്ത് (6) പരപ്പ എന്നീ സർക്കാർ തടി ഡിപ്പോകളെ ചന്ദനത്തിന്റെ ചില്ലറ വില്പനയ്ക്കുള്ള അംഗീകൃത ഏജൻസിയായി അധികാരപ്പെടുത്തി കൊണ്ടും കേരള വന നിയമം 47(എ) പ്രകാരം authorized officer ആയി അതാത് ജില്ലകളിലെ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററെ നിയോഗിച്ചുകൊണ്ടും കൂടി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗിരിജ കുമാരി.ജി**
**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

നിയമ വകുപ്പ് (അനൗ.ക്ര. നം.20022/ഉപദേശം സി2/17/നിയമം, തീയതി 08.12.2017)

✓ വെബ്ബ് ആന്റ് ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

(signature)

സെക്ഷൻ ഓഫീസർ